# ബലഹീനതകളിൽ പ്രശംസിക്കുക

## 2 കൊരിന്ത്യർ 12:9

"എന്റെ കൃപ നിനക്ക് മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിനു ഞാൻ അതി സന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും."

ലോകം, 'തോൽവി' എന്നും 'നിർഭാഗ്യം' എന്നും ഒക്കെ കരുതുന്നത് പ്രശംസയായി അംഗീകരിക്കുവാൻ പൗലോസിനു സാധിച്ചു. ശാപം എന്നെണ്ണിയ ക്രൂശിൽ, അവൻ പ്രശംസിച്ചു, കഷ്ടങ്ങളിലും പ്രശംസിച്ചു. അങ്ങനെ പലതും.

വീണ്ടും ഒരു പ്രശംസ വചനഭാഗത്ത് (കുറിവാക്യത്തിൽ) കാണുന്നുണ്ട്, ബലഹീനത കളിൽ. ഇന്ന് പ്രശംസ എന്ന വാക്ക് ലോകം പഠിപ്പിക്കുന്നത് ജീവിതത്തിന്റെ പുരോഗമന ത്തിലും, സാമ്പത്തിക ഭദ്രതയിലും ആണ്. അതില്ലാതെ വരുമ്പോൾ നിരാശ. അങ്ങനെ പലതും, ജീവിതത്തിന്റെ പോരായ്മയും കഴിവുകേടുകളും എന്നു ധരിച്ച് നിരാശയുടെ അടിത്തട്ടിലേയ്ക്ക് പോകുന്നവരോട് പൗലോസിന്റെ സാക്ഷ്യമാണ് നാം കണ്ടത്.

ബലഹീനത എന്തുകൊണ്ട് പ്രശംസാവിഷയമായി; കാരണം, ബലഹീനതയുള്ളവരെ ദൈവം നോക്കുന്നു, അവരെയാണ് അവനാവശ്യം. നമ്മെക്കൊണ്ട് കഴിവില്ലാത്തതിനാൽ ദൈവത്തിനും, മനുഷ്യർക്കും പ്രയോജനപ്പെടുവാൻ കഴിയില്ല എന്നു പറയുമ്പോൾ, ദൈവത്തിന് നമ്മെ ഉപയോഗിക്കാനുള്ള യോഗ്യത നമ്മുടെ ബലഹീനതയും ബുദ്ധി ഹീനതയും, ശക്തിഹീനതയും ആണെന്ന് അനേക വിശ്വാസികളുടെയും ദൈവമക്കളു ടെയും ജീവിതം പഠിപ്പിക്കുന്നു. നാം ബലഹീനരാണെങ്കിലും ഉപയോഗിക്കുന്നു എന്നല്ല മറിച്ച് നാം ബലഹീനരാകയാൽ അത്രേ നമ്മെ ഉപയോഗിക്കാൻ കഴിയുന്നത് എന്നതാകുന്നു വാസ്തവം. താലന്തുകളും ശക്തിയും ബുദ്ധിയും ഒക്കെ ഉള്ളവരെ ഉപയോഗിക്കുന്നില്ല എന്നല്ല അതിനർത്ഥം, എന്നാൽ അപ്രകാരമുള്ളവരുടെ ആശ്രയം മുഴുവൻ ദൈവത്തിൽ സമർപ്പിക്കുന്നവരായിരിക്കും. അല്ലാത്തവരെ ഉപയോഗിക്കാൻ കഴിയില്ല. കാരണം കഴിവുള്ളവൻ, ശക്തിയുള്ളവൻ ആദ്യം അതിൽ ആശ്രയിക്കും. ഇവിടെ താലന്തുക്കൾ അല്ല സമർപ്പണമത്രേ ആവശ്യം.

തനിക്ക് പ്രശംസിപ്പാനുള്ള അനേക പട്ടികകൾ പൗലോസിനുണ്ടായിരുന്നു. യേശുവിനെ ക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത സകലതും ചപ്പും, ചവറും എന്ന് എണ്ണുവാൻ അവനെ ഇടയാക്കി. ഈ പരിജ്ഞാനം, ഉയർത്തെഴുന്നേറ്റ കർത്താവിന്റെ ശക്തി

ജീവിതത്തിലുടനീളം അനുഭവിക്കുവാനും, ആസ്വദിക്കുവാനും ഇടയാക്കി. അതിനാലത്രേ ബലഹീനതയിൽ പ്രശംസിപ്പാൻ അവനു സാധിച്ചത്.

അതുകൊണ്ട് താലന്തുകളോ, കഴിവുകളോ ഇല്ലെന്നുകണ്ട്, പ്രയോജനമില്ലെന്നു കരുതി, ലോക പ്രശംസക്കായി ഒന്നുമില്ലെന്നു കരുതുന്ന ഓരോരുത്തരോടും ദൈവവചനം ആഹ്വാനം തരുകയാണ്. ബലഹീനതയിൽ നിരാശപ്പെടാതെ, ശക്തിഹീനത മനസ്സിലാക്കി ദൈവശക്തി വ്യാപരിയ്ക്കുവാനുള്ള പരിജ്ഞാനത്തിൽ നിറയുക എന്നതാണ് പ്രധാനം. തന്റെ ബലമുള്ള കൈകൊണ്ട് നമ്മെ നടത്തും, ശക്തീകരിയ്ക്കും, സഹായിയ്ക്കും. ഉയർത്തെഴുന്നേറ്റവനായ ക്രിസ്തുവിന്റെ ശക്തി ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും നിറയപ്പെടണം. അതിനായി സകലതും ബലഹീനമെന്നെണ്ണി ദൈവകരങ്ങളിൽ കൊടുക്കുക. ബലഹീനതയിൽ നമുക്ക് പ്രശംസിപ്പാനുള്ള ദൈവകൃപയ്ക്കായി യാചിക്കാം.

പരാമർശം :
ഫിലിപ്പിയർ 4:13
എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിന്നും മതിയാകുന്നു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 048**